**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3489** **12-03-2025 - ൽ മറുപടിയ്ക്ക്**

**നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മുരളി പെരുനെല്ലി</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നെല്ലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമായി കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ എത്ര ടൺ നെല്ലുല്പാദിപ്പിച്ചു എന്നത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(ബി)</td><td>നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ ഉൽപ്പാദിപ്പിച്ച നെല്ലിന്റെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>നിയോജക മണ്ഡലം</th><th>വർഷം</th><th>നെൽകൃഷിയുടെ വിസ്തൃതി (ഹെക്ടർ)</th><th>ഉൽപ്പാദിപ്പിച്ച നെല്ലിന്റെ അളവ് (ടൺ)</th></tr>
<tr><td rowspan="4">മണലൂർ</td><td>2021-22</td><td>3433.67</td><td>17016.442</td></tr>
<tr><td>2022-23</td><td>3502.73</td><td>19614.972</td></tr>
<tr><td>2023-24</td><td>3470.96</td><td>14090.556</td></tr>
<tr><td>2024-25</td><td>3244.91</td><td>11856.023</td></tr>
<tr><td colspan="2">ആകെ</td><td>13652.27</td><td>62577.993</td></tr>
</table></td></tr>
<tr><td>(സി)</td><td>നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നിലവിലെ സർക്കാരിന്റെ</td><td>(സി)</td><td>നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നിലവിലെ സർക്കാരിന്റെ കാലത്ത് നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക ചെലവഴിക്കുകയുണ്ടായി.</td></tr>
</table>

<table>
<tr>
<td></td>
<td>കാലത്ത് നാളിതുവരെ എത്ര രൂപ ചെലവഴിക്കുകയുണ്ടായെന്ന് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?</td>
<td></td>
<td>
<table>
<tr><th>വർഷം</th><th>ചെലവായ തുക (ലക്ഷത്തിൽ)</th></tr>
<tr><td>2020-21</td><td>8582.80316</td></tr>
<tr><td>2021-22</td><td>10710</td></tr>
<tr><td>2022-23</td><td>4891.91284</td></tr>
<tr><td>2023-24</td><td>5700.66151</td></tr>
<tr><td>2024-25</td><td>4462.56080 (നാളിതുവരെ)</td></tr>
<tr><td>ആകെ</td><td>34347.93831</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. സംസ്ഥാനാവിഷ്കൃത പദ്ധതിയായ **"നെൽകൃഷി വികസന പദ്ധതി"** യിലെ ഘടക പദ്ധതിയായ **സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ** ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നൽകുന്നുണ്ട്.

2. സംസ്ഥാനത്തെ നെൽവയലുകളെ നിലനിർത്തുന്നതിനും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനായി നെൽവയൽ ഉടമസ്ഥർക്ക് **റോയൽറ്റിയായി** ഹെക്ടറിന് 3000/- രൂപ നൽകിവരുന്നുണ്ട്.

3. നെൽവയലിലെ **മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി** കുമ്മായ വസ്തുക്കൾ ഉപയോഗിക്കുന്നതിനായി ഒരു ഹെക്ടറിലേക്ക് 5400/- രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്.

4. പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റപണികൾ തുടങ്ങിയ **പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി** ഹെക്ടറിന് 360/- രൂപ ക്രമത്തിൽ പാടശേഖര സമിതികൾക്ക് നൽകി വരുന്നു.

5. **തരിശുനില കൃഷിക്ക്** ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നു.

6. **പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്** ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നു.

7. **കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി** തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്ന ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ ഇരുപ്പൂ നെൽകൃഷി ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ് സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ടാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി പ്രൊജക്ട് അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിവരുന്നു.

8. **ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ** സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 2000/- രൂപ ക്രമത്തിൽ ആനുകൂല്യം നൽകി വരുന്നു.

9. നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് **രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി** നടപ്പിലാക്കുന്നു.

10. **നോൺ പ്ലാൻ (പദ്ധതിയേതരം)** ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു.

11. കാർഷികാവശ്യത്തിനായി **സൗജന്യ വൈദ്യുതി പദ്ധതിയിൽ** ജലസേചനത്തിനായി നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യമായി അനുവദിച്ച് വരുന്നുണ്ട്.

12. കർഷകർ ഉലാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നു. **നെല്ല് സംഭരണത്തിനുള്ള** കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 19.40 രൂപയും, സംസ്ഥാന പ്രോത്സാഹന ബോണസ് 8.60 രൂപയും ഉൾപ്പെടെ 28 രൂപ/kg ആയിരുന്നു. 19.04.2022 തീയതിയിലെ സ.ഉ (കൈ) നം.9/ 2022/ F&CS നമ്പർ കേരള സർക്കാർ ഉത്തരവ് പ്രകാരം 2022-23 നെല്ല് സംഭരണ സീസൺ മുതൽ നെല്ലിന്റെ വില 28.20 രൂപ ആക്കി ഉയർത്തിയിട്ടുണ്ട്. നിലവിൽ ടി നിരക്ക് തുടരുന്നു.

13. ഇതിനു പുറമെ **പ്രകൃതിക്ഷോഭം** മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു.

14. **പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും** ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

15. **കേന്ദ്രാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ** അംഗങ്ങളായ നെൽ കർഷകർക്ക് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 80000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു

16. **ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ** ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000/- രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32000/- രൂപയാണ്.

17. **ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്)** പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. പ്രദർശനപ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി ആനുകൂല്യം നൽകി വരുന്നു.